**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1960** **11-10-2024 - ൽ മറുപടിയ്ക്ക്**

**സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരികെ പ്രവേശിപ്പിച്ചത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ ആൾക്കൂട്ട മർദ്ദനത്തെ തുടർന്ന് മരണപ്പെട്ട സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് സർവകലാശാല തീരുമാനമെടുക്കുകയുണ്ടായോ; | (എ) | പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ സിദ്ധാർത്ഥൻ.ജെ.എസ് എന്ന വിദ്യാർത്ഥി യുടെ അസ്വാഭാവിക മരണം നടക്കുന്നതിനു മുൻപ് ടി വിദ്യാർത്ഥി റാഗിങ്ങിന് ഇരയായി എന്ന് റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ കോളേജ് ഡീനും, അസ്സിസ്റ്റന്റ് വാർഡനും അന്വേഷണ വിധേയമായി 05-03-2024 തീയതിയായി സസ്പെൻഡ് ചെയ്യപ്പെട്ടിരുന്നു. പിന്നീട്, ഈ വിഷയത്തിൽ സർവകലാശാല ആക്ട് സെക്ഷൻ 9(7) (i) പ്രകാരം, ഭരണപരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിലേക്കായി അന്വേഷണ കമ്മിഷനായി ബഹു.ചാൻസിലറുടെ ഉത്തരവ് പ്രകാരം ജസ്റ്റിസ് (റിട്ടയേർഡ്) ശ്രീ. എ.ഹരിപ്രസാദ്-നെ നിയമിച്ചുകൊണ്ട് രാജ് ഭവൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു . മേൽ അന്വേഷണ കമ്മീഷൻ അന്വേഷണം പൂർത്തിയാക്കി ബഹു.ചാൻസിലർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ, സർവകലാശാല ആക്ട് സെക്ഷൻ 9(7) (iii) അനുശാസിക്കും വിധം മാനേജ്മെന്റ് കൗൺസിലിന്റെ അഭിപ്രായം അറിയിക്കാനുള്ള നിർദ്ദേശ ത്തോടെ റിപ്പോർട്ടിന്റെ പകർപ്പ് ചാൻസിലറു ടെ ഓഫീസിൽ നിന്ന് വൈസ് ചാൻസിലർക്ക് കൈമാറിയിരുന്നു. ചാൻസി ലറുടെ മേൽ നിർദ്ദേശത്തിലുള്ള നടപടി മാത്രം അജണ്ടയായി നിശ്ചയിച്ച 24-09-2024-ന് ചേർന്ന മാനേജ്മെന്റ് കൗൺസിലിന്റെ പ്രത്യേക യോഗം വിഷയം പരിഗണിച്ച ചർച്ച ചെയ്തിരുന്നു .അന്വേഷണ റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ചേക്കാവുന്ന നടപടികളും WP(C) 33291/2024 നമ്പറായ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ ബഹു.ചാൻസിലർക്ക് അഭിപ്രായം നൽകുന്നതിന് ഇപ്പോൾ പരിമിതികളുണ്ടെന്ന് ഭൂരിപക്ഷ അഭിപ്രായത്തിൽ തീരുമാനമെടുത്തു. |

| | | | |
|---|---|---|---|
| | | | വിദ്യാർഥിയുടെ മരണത്തിൽ കുറ്റകൃത്യം അന്വേഷിച്ച സംസ്ഥാന പോലീസും കേന്ദ്ര ഏജൻസിയായ സി. ബി. ഐ യും വിചാരണകോടതിക്ക് സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾക്കനുസരിച്ച മേൽ പരാമർശിച്ച ഉദ്യോഗസ്ഥർക്കെതിരെ പരാമർശം ഒന്നുമില്ല. ടി ഉദ്യോഗസ്ഥർ സസ്പെൻഷനിലായി ആറു മാസം കഴിഞ്ഞ പശ്ചാത്തലത്തിലും ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായതിനാലും അന്വേ ഷണ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്ത ലുകളിൽ നിർദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിലാണ് സസ്പെൻഷൻ പിൻവലിച്ചു മറ്റൊരു കോളേജിലേക്ക് സ്ഥലം മാറ്റി നിയമിക്കു ന്നതിന് തീരുമാനം എടുത്തിട്ടുള്ളത്. |
| (ബി) | ഇവരെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നത് തടഞ്ഞുകൊണ്ട് ചാൻസിലർ വൈസ്-ചാൻസിലർക്ക് കത്ത് നൽകിയിട്ടുണ്ടോ; | (ബി) | 27-09-2024 തീയതിയിലെ GS6-411/2024 നമ്പർ കത്ത് പ്രകാരം മാനേജ്മെന്റ് കൗൺസിൽ യോഗ തീരുമാനം സംബന്ധിച്ച സർവകലാശാല ആക്ട് സെക്ഷൻ 9(7)(V) അനുശാസിക്കും വിധം വൈസ് ചാൻസിലറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടത് കൂടാതെ ചാൻസിലർ ഉത്തരവ് നൽകുന്നത് വരെ തീരുമാനം നടപ്പാക്കുന്നത് താൽകാലികമായി നിറുത്തി വയ്ക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | സിദ്ധാർത്ഥന്റെ മരണം സംബന്ധിച്ച് അന്വേഷണത്തിൽ ഇവരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടോ; ഏതു സാഹചര്യത്തിലാണ് ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും തിരിച്ചെടുക്കുന്നതിന് അധികൃതർ തീരുമാനമെടുത്തത്; വിശദമാക്കാമോ? | (സി) | വിദ്യാർഥിയുടെ മരണത്തിൽ കുറ്റകൃത്യം അന്വേഷിച്ച സംസ്ഥാന പോലീസും കേന്ദ്ര ഏജൻസിയായ സി. ബി. ഐ യും വിചാരണകോടതിക്ക് സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾക്കനുസരിച്ച സസ്പെൻഷനിലായിരുന്ന ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും കുറിച്ച് പരാമർശം ഒന്നുമില്ല. ടി ഉദ്യോഗസ്ഥർ സസ്പെൻഷനിലായി ആറു മാസം കഴിഞ്ഞ പശ്ചാത്തലത്തിലും ഇവർക്കെതിരെയുള്ള അന്വേഷണം പൂർത്തിയായതിനാലും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ നിർദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിലാണ് സസ്പെൻഷൻ പിൻവലിച്ചു മറ്റൊരു കോളേജിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നതിന് സർവകലാശാല തീരുമാനം എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ